'ഭരണഭാഷ – മാതൃഭാഷ'

നം.സി 1/57826/2018 /കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 19/10/2019
ഫോൺ–0471–2303107

## സർക്കുലർ

വിഷയം:– കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – 2020 –ലെ ഡി.പി.സി (ഹയർ) യോഗം ചേരുന്നതിന് കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

********

2020 കലണ്ടർ വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്, അക്കൗണ്ട്സ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം ചേരുന്നതിനായി 2016, 2017, 2018 കലണ്ടർ വർഷങ്ങളിലെ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (ഓരോ കലണ്ടർ വർഷത്തെയും പ്രത്യേകം) ആവശ്യമാണ്.

ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ എല്ലാ അക്കൗണ്ട്സ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഉള്ളവരും 15/02/2019 – ലെ സി1/26164/2017/കോ.വി.വ പ്രകാരമുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലെ മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ 50 വരെയുള്ളവരും 31/10/2019 – നു മുൻപ് കോൺഫിഡെൻഷ്യൽ റിപ്പോർട്ടും, സെൽഫ് അസെസ്മെന്റ് റിപ്പോർട്ടും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. അക്കൗണ്ട് ടെസ്റ്റ് (ഹയർ) പാസായവർ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്. നിരീക്ഷണകാലം പൂർത്തിയാക്കാത്തവരുടെയും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കോൺഫിഡെൻഷ്യൽ റിപ്പോർട്ട് ഹാജരാക്കാത്തവരുടേയും പേരുകൾ പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന വിവരം കൂടി അറിയിക്കുന്നു. സേവനമനുഷ്ഠിക്കുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും കോൺഫിഡെൻഷ്യൽ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇപ്പോൾ ജോലിചെയ്യുന്ന തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ലാത്തവർ തൊട്ടുമുൻപുള്ള തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച ഉദ്യോഗസ്ഥർ, നിശ്ചിത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ വാർഷിക കോൺഫിഡെൻഷ്യൽ റിപ്പോർട്ട് (കലണ്ടർ വർഷം പ്രകാരം) സെൽഫ് അസെസ്മെന്റ് റിപ്പോർട്ട് സഹിതം റിപ്പോർട്ടിംഗ് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും റിപ്പോർട്ടിംഗ് ഓഫീസർമാർ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയ സി.ആർകൾ (സി.ആറിൽ 'എ' ഗ്രേഡ് അഞ്ചിൽ കൂടുതൽ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും 'സി',


GOVERNMENT OF KERALA 2017-18

'ഡി' ഗ്രേഡുകൾ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും ഉൾപ്പെടെ) റിവ്യൂ ചെയ്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

ഒപ്പ്/-
എൻ.എസ്.മിനി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ic)

പകർപ്പ്

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
3. കരുതൽ ഫയൽ /നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.



GOVERNMENT OF KERALA 2017-18